(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമിയും വീടും നൽകാൻ കഴിഞ്ഞിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ ;

(ബി) പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി 1996-97, 1997-98, 1998-99, 1999-2000 എന്നീ വർഷങ്ങളിൽ എത്ര കോടി രൂപ വീതമാണ് ചെലവഴിച്ചത് ; ഇതിൽ കേന്ദ്ര വിഹിതം എത്ര ; സംസ്ഥാന ഗവൺമെന്റിന്റെ വിഹിതം എത്ര ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂരഹിതരും ഭവനരഹിതരുമായ 9,674 പട്ടികജാതി കുടുംബങ്ങൾക്കും 321 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും സ്വന്തമായി ഭൂമി വാങ്ങി വീടും നൽകാൻ കഴിഞ്ഞിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം I ൽ കൊടുത്തിരിക്കുന്നു. †

(ബി) വിവരം അനുബന്ധം II ൽ കൊടുത്തിട്ടുണ്ട്. †

അംബേദ്കർ ഗ്രാമങ്ങളിലെ വർക്കുകൾ

17 (840) ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ വകുപ്പുകൾ ഏകോപിപ്പിച്ച് വർക്കുകൾ കാര്യക്ഷമമായും സമയബന്ധിതമായും അംബേദ്കർ ഗ്രാമങ്ങളിൽ നടപ്പിലാക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ് ;

(ബി) ബ്ലോക്ക് പഞ്ചായത്ത് മുഖേനയല്ലാതെ ഇത്തരം വർക്കുകൾ ഒരു സ്പെഷ്യൽ ഓഫീസറുടെ മേൽനോട്ടത്തിൽ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവിധ വകുപ്പുകൾ ഏകോപിപ്പിച്ച് വർക്കുകൾ നടപ്പിലാക്കുന്നതിന് നിലവിൽ പ്രത്യേക സംവിധാനം ഇല്ല. എന്നാൽ അംബേദ്കർ ഗ്രാമങ്ങളുടെ വികസനത്തിന് വേണ്ട പദ്ധതികൾ പൂർത്തീകരിക്കാനുള്ളവയുൾപ്പെടെ നടപ്പിലാക്കുന്നതിന് ഓരോ വർഷവും ഉൾപ്പെടുത്തിയിട്ടുള്ള തുക ചെലവഴിച്ച് മുൻഗണനയനുസരിച്ച് പണികൾ നടത്താൻ കളക്ടർമാർക്കു നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) അംബേദ്കർ ഗ്രാമങ്ങളുടെ പദ്ധതികൾ മിക്കവാറും പൂർത്തിയാക്കിയിട്ടുള്ളതിനാലും പ്രത്യേകം തുക ഈ വർഷം ബഡ്ജറ്റിൽ

† അനുബന്ധം VI & VI (a)

LIBRARY ARCHIVES Kerala Legislative Assembly

വകയിരുത്തിയിട്ടില്ലാത്തതിനാലും സ്പെഷ്യൽ ഓഫീസറുടെ മേൽ നോട്ടത്തിൽ അംബേദ്കർ ഗ്രാമങ്ങളിലെ വർക്കുകൾ നടത്തുന്നതിന് നടപടി സ്വീകരിക്കുവാൻ കഴിയില്ല. ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയ വിഷയമായതിനാൽ ഈ പണികൾ അവർ തന്നെ ചെയ്യേണ്ടിവരും .

കടബാദ്ധ്യതയിൽനിന്നും ഒഴിവാക്കാൻ പദ്ധതി

18 (841) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. എം. വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു ദാരിദ്ര്യരേഖയ്ക്ക് താഴെ കഴിയുന്ന പട്ടികജാതി-പട്ടികവർഗ്ഗക്കാരെ കടബാദ്ധ്യതയിൽനിന്നും ഒഴിവാക്കുന്നതിന് സർക്കാരിന് ഉദ്ദേശമുണ്ടോ ;

(ബി) എങ്കിൽ ഇതിനുവേണ്ടി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഈ വിഭാഗക്കാരുടെ കടബാദ്ധ്യത എഴുതിതള്ളുന്നതിനുള്ള ശുപാർശ പരിശോധനയിലാണ്.

എല്ലാവർക്കും കക്കൂസ് നൽകുന്ന പദ്ധതി

19 (842) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജനകീയാസൂത്രണം വഴി കക്കൂസില്ലാത്ത എത്ര പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിച്ചു കൊടുത്തിട്ടുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇതിന്റെ കണക്ക് ശേഖരിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ഈ കാലയളവിൽ ഇതിനുവേണ്ടി വിനിയോഗിച്ച പണം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) എല്ലാവർക്കും കക്കൂസ് നൽകുക എന്ന പദ്ധതി നടപ്പിലാക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് കൈകൊണ്ടുവരുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ,ബി&സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly